**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 269** **08-08-2023 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര ഗവൺമെൻറ് ആയുർവേദ ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മുൻസിപ്പൽ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഗവൺമെന്റ് ആയുർവേദ ആശുപത്രിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണത്തിന് എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയത്; നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | 2020 - 21 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II ൽ വാല്യം II ൽ (ഭരണാനുമതി ഇല്ലാത്ത പ്രവർത്തികൾ) ആലപ്പുഴ ജില്ലയിലെ മാവേലിക്കര സർക്കാർ ആയുർവേദ ആശുപത്രിയുടെ നവീകരണവുമായി ബന്ധപ്പെട്ട് അടങ്കൽ തുകയായ 5 കോടി രൂപയിൽ ടോക്കൺ പ്രൊവിഷൻ ആയി 1 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1,17,19,494/- (ഒരു കോടി പതിനേഴ്ലക്ഷത്തി പത്തൊൻപതിനായിരത്തി നാനൂറ്റി തൊണ്ണൂറ്റിനാല്) രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഹരിപ്പാട് കെട്ടിട ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥലം സന്ദർശിക്കുകയും, നിലവിൽ ആശുപത്രി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ പൊളിച്ചു മാറ്റുകയോ, പുതിയ സ്ഥലം ലഭ്യമാക്കുകയോ ചെയ്താൽ മാത്രമേ അവിടെ മണ്ണ് പരിശോധന നടത്താൻ സാധിക്കുകയുള്ളുവെന്നും, സാങ്കേതിക അനുമതിക്കുള്ള എസ്റ്റിമേറ്റിനു അംഗീകാരം ലഭിക്കുന്നതിന് സൈറ്റ് ക്ലിയർ ആക്കി നൽകണമെന്നും അറിയിച്ചിട്ടുണ്ട്. ഇതിനായി സ്ഥാപനം ഷിഫ്റ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുന്നതിന് മാവേലിക്കര ഗവൺമന്റ് ആയുർവേദ ആശുപത്രിയിൽ നിന്നും മാവേലിക്കര മുൻസിപാലിറ്റിയ്ക്ക് 21/07/2023 - ൽ |

| | | | |
|---|---|---|---|
| | | | കത്ത് നൽകിയിരിക്കുകയാണ്. തുടർ നടപടികൾ സ്വീകരിക്കുന്നതിന് ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പുതിയ കെട്ടിട നിർമ്മാണത്തിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ഉത്തരം 'ബി' പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ